# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3018**

**07.11.2019-ൽ മറുപടിക്ക്**

## മറ്റത്താൻകടവ് പാലം നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പിറവം നിയോജകമണ്ഡലത്തിലെ മറ്റത്താൻകടവ് പാലം നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;<br>(ബി) നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സമായ കാര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ? | (എ) യും (ബി) യും | പാലത്തിന്റെ ഉപരിതലത്തിന്റെ വെയറിംഗ് കോട്ടിന്റെയും അപ്രോച്ച് റോഡിലെ ടാറിംഗും ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലെ കാലതാമസം മൂലം നിരക്ക് പുതുക്കി നൽകാൻ ആവശ്യപ്പെടുകയും അതനുസരിച്ച് പുതുക്കിയ ഭരണാനുമതിയും പുതുക്കിയ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് അപ്രോച്ച് റോഡ് ഫില്ലിംഗും മെറ്റലിംഗും ഉൾപ്പെടയുള്ള പ്രവൃത്തികൾ മെയ് 2019-ൽ പൂർത്തീകരിക്കുകയും ചെയ്തു. ശേഷിക്കുന്ന ടാറിംഗും പാലത്തിന്റെ ഉപരിതലത്തിൽ വെയറിംഗ് കോട്ടിന്റെ പ്രവൃത്തികളും തുടർച്ചയായ മഴമൂലം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ